
## മലകൾക്ക് മുറിവേൽക്കുന്നു; വയലടയുടെ നിലവിളി

■ കരുണൻ വൈകുണ്ഠം

ബാലുശേരി



● സഞ്ചാരികളുടെ പറുദീസയായ വയലടയിലെ കരിയാത്തുംപാറയിൽ നിന്ന്.



● പാറ ഖനനം..

മലകൾ മുറിവേൽക്കുമ്പോൾ പ്രകൃതിയാണ് രക്തം വാർക്കുന്നത്. വയലടയെ സംരക്ഷിക്കുന്നത് നമ്മുടെ ഭാവിയെ സംരക്ഷിക്കുന്നതാണ്. ലോക പരിസ്ഥിതി ദിനമായ ഇന്ന് മലബാറിന്റെ കാതുകളിൽ മുഴങ്ങേണ്ട ഏറ്റവും വലിയ ഓർമ്മപ്പെടുത്തലാണിത്.

ബാലുശ്ശേരിയിൽ നിന്ന് വെറും 12 കിലോമീറ്റർ അകലെ, സമുദ്രനിരപ്പിൽ നിന്ന് 1800 അടി ഉയരത്തിൽ പച്ചപ്പുതച്ചു നിൽക്കുന്ന വയലട ഇന്ന് സഞ്ചാരികൾക്ക് മലബാറിലെ ഗവിയാണ്. മേഘങ്ങളും മഞ്ഞും മലനിരകളും അതിരിട്ട ഈ സ്വർണ്ണഭൂമി ഇന്ന് വികസനത്തിന്റെ പേരിൽ വലിയൊരു പരിസ്ഥിതി നാശത്തെ അഭിമുഖീകരിക്കുകയാണ്. ഒരുകാലത്ത് കൃഷിയെയും കാടിനെയും സ്നേഹിച്ച് ഒട്ടേറെ കുടുംബങ്ങൾ പാർത്തിരുന്ന ഈ മലമുകളിൽ നിന്ന് ഇന്ന് ഭൂരിഭാഗം പേരും മലയിറങ്ങിക്കഴിഞ്ഞു. ജനസാന്ദ്രതയേറിയ പ്രദേശം ഏതാനും കുടുംബങ്ങളിലേക്ക് ചുരുങ്ങിയതിനൊപ്പം, അവിടെ ഇന്ന് ഖനന മാഫിയയുടെ കരിനിഴൽ വീണിരിക്കുന്നു. വൻ യന്ത്രങ്ങളുടെ ഗർജ്ജനവും സ്ഫോടനങ്ങളുടെ ശബ്ദവും വയലടയുടെ സ്വാഭാവിക നിശ്ശബ്ദതയെ ഇല്ലാതാക്കുകയാണ്. വർഷങ്ങളായി ഇവിടെ പ്രവർത്തിക്കുന്ന ക്വാറികളിൽ പുലർച്ചെ മുതൽ വൻതോതിലാണ് പാറ പൊട്ടിക്കുന്നത്. ഖനന സംഘങ്ങൾ സമീപത്തെ ഭൂമിയെല്ലാം വൻതോതിൽ വിലയ്ക്കു വാങ്ങി മലയുടെ ഭൂരിഭാഗവും തങ്ങളുടെ നിയന്ത്രണത്തിലാക്കിക്കഴിഞ്ഞു. ദിനംപ്രതി അനസ്യൂതം പാറ കയറ്റിപ്പോകുന്ന ലോറികൾ പ്രദേശത്തെ റോഡുകളെ തകർക്കുക മാത്രമല്ല, ജനജീവിതം ദുസ്സഹമാക്കുകയും ചെയ്യുന്നു. ചിലർക്ക് താൽക്കാലികമായി തൊഴിൽ ലഭിക്കുന്നുണ്ടെന്നത് യാഥാർഥ്യമാണെങ്കിലും, അതിന് പകരമായി ഒരു വൻ മലയും അതിന്റെ ജൈവ വൈവിധ്യവുമാണ് ഇല്ലാതാകുന്നത്. മലകളുടെ സ്വാഭാവിക ഘടന തകരുന്നതോടെ ജലസ്രോതസ്സുകളും വന്യജീവി ആവാസവ്യവസ്ഥകളും എന്നെന്നേക്കുമായി ഇല്ലാതാവുകയാണ്.

സുസ്ഥിര ടൂറിസത്തിന് ഏറെ സാധ്യതയുണ്ടായിരുന്ന ഈ മനോഹര ഭൂമിയെ ക്വാറി മാഫിയയ്ക്ക് വിട്ടുകൊടുക്കുന്നതിലൂടെ നാളെയുടെ വിനോദസഞ്ചാര സാധ്യതകൾ കൂടിയാണ് കരിച്ചുകളയുന്നത്. പ്രകൃതി നശിച്ചാൽ പിന്നെ മനുഷ്യന് എന്ത് വികസനം? മലബാറിലെ ഗവി എന്നറിയപ്പെടുന്ന വയലടയുടെ പച്ചപ്പും പ്രകൃതിസമ്പത്തും സംരക്ഷിക്കപ്പെടേണ്ടത് നാളെയുടെ തലമുറകളോടുള്ള കടമയാണ്. ഈ പരിസ്ഥിതി ദിനത്തിലെങ്കിലും വയലടയുടെ കണ്ണീരൊപ്പാൻ അധികാരികൾ കണ്ണ് തുറക്കുമോ?

# മഴ പെയ്താൽ നഗരത്തിൽ വെള്ളക്കെട്ട്

## ● കെ.പി. കേശവമേനോൻ റോഡിലെ വെള്ളക്കെട്ടിന് പരിഹാരം



● കെ.പി. കേശവമേനോൻ റോഡിലെ വെള്ളകെട്ടിന് എസ്ക്കവേറ്റർ ഉപയോഗിച്ച് പരിഹാരം കാണുന്നു.



● മാവൂർ റോഡിലെ പറയഞ്ചേരിയിൽ വെള്ളകെട്ട് രൂപപ്പെട്ടപ്പോൾ.

**കോഴിക്കോട്:** മഴ പെയ്യാൻ തുടങ്ങിയപ്പോഴേക്ക് കോഴിക്കോട് നഗരം വെള്ളക്കെട്ടുകൾ. നഗര പ്രധാന കേന്ദ്രങ്ങളിലെല്ലാം റോഡരുകിൽ ഉൾപ്പെടെ മണിക്കൂറുകൾ വെള്ളംകെട്ടിനിൽക്കുന്നത് കാൽനടയാത്രപോലും ദുഷ്ക്കരമാക്കുകയാണ്. മാവൂർ റോഡരുകിൽ കെ.എസ്.ആർ.ടി.സി. ടെർമിനൽ മുതൽ കോട്ടൂളി വരെയുള്ള റോഡരുകിൽ മിക്കയിടത്തും മഴപെയ്താൽ വെള്ളക്കെട്ടാണ്.

മഴയിൽ പെയ്തിറങ്ങുന്ന വെള്ളം ഡ്രൈനേജിലേക്ക് ഒഴുകിപോകാൻ സംവിധാനമില്ലാത്തതാണ് വെള്ളം കെട്ടികിടക്കാൻ ഇടയാക്കുന്നത്. ശക്തമായ മഴപെയ്താൽ കോട്ടൂളിയിലും പറയഞ്ചേരിയിലും ഡ്രെയിനെജുകൾ നിറഞ്ഞ് കവിഞ്ഞ് റോഡിലേക്ക് വെള്ളം കയറുന്ന സ്ഥിതിയുണ്ട്. മാനാഞ്ചിറക്കും സ്റ്റേഡിയത്തിനും ചുറ്റും പലയിടങ്ങളിലും മഴവെള്ളം കെട്ടിനിൽക്കുന്ന സ്ഥിതിയുണ്ട്. എസ്.കെ. പ്രതിമയ്ക്ക് സമീപത്തും ഇത്തവണയും വെള്ളക്കെട്ടുണ്ട്. വെള്ളക്കെട്ട് ഒഴുവാക്കാൻ പലനടപടികളും ചെയ്തെങ്കിലും അതൊന്നും ശാശ്വതമായിട്ടില്ലെന്നാണ് ചെറിയ മഴ പെയ്യുമ്പോൾ തന്നെ രൂപപ്പെടുന്ന വെള്ളക്കെട്ടുകൾ സൂചിപ്പിക്കുന്നത്.

ചെറിയ മഴ പെയ്താൽ പോലും വെള്ളക്കെട്ട് രൂപപ്പെട്ട് കച്ചവടക്കാർക്കും വാഹനയാത്രികർക്കും പൊതുജനങ്ങൾക്കും വലിയ ബുദ്ധിമുട്ടുണ്ടാക്കിയിരുന്ന കെ.പി. കേശവമേനോൻ റോഡിൽ ടൗൺ പോലീസ് സ്റ്റേഷൻ, നഗരം വില്ലേജ് ഓഫീസ് പരിസരങ്ങളിലെ വെള്ളക്കെട്ട് പ്രശ്നത്തിന് നഗരസഭ പരിഹാരമുണ്ടാക്കി. കെ.പി. കേശവമേനോൻ റോഡിലെ മഴവെള്ളം റെയിൽവേ നാലാം പ്ലാറ്റ്ഫോമിന് സമീപത്തുകൂടി റെയിൽവേ കോമ്പൗണ്ടിലൂടെ ഫ്രാൻസിസ് റോഡ് കടന്ന് കല്ലായി പുഴയിലേക്കാണ് ഒഴുകിച്ചേരുന്നത്.

വെള്ളക്കെട്ടിന് പരിഹാരം കാണുന്നതിനായി കോഴിക്കോട് കോർപ്പറേഷൻ ആരോഗ്യ വിഭാഗത്തിന്റെ നേതൃത്വത്തിൽ ഡ്രൈനേജുകളിൽ അടിഞ്ഞുകൂടിയ മണ്ണും മാലിന്യങ്ങളും എസ്ക്കവേറ്ററിന്റെ സഹായത്തോടെ നീക്കം ചെയ്തിരുന്നുവെങ്കിലും വെള്ളത്തിന്റെ സ്വാഭാവിക ഒഴുക്ക് പുനഃസ്ഥാപിക്കപ്പെട്ടിരുന്നില്ല.

തുടർന്ന് കോഴിക്കോട് കോർപ്പറേഷൻ ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ കെ. രാജീവ്, ക്ലീൻ സിറ്റി മാനേജർ കെ.ദിലീപ് കുമാർ, ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥർ, റെയിൽവേ ഉദ്യോഗസ്ഥർ, വ്യാപാരി സംഘടനാ പ്രതിനിധികൾ എന്നിവർ ചേർന്ന് റെയിൽവേ കോമ്പൗണ്ടിൽ വിശദമായ പരിശോധന നടത്തി.

പരിശോധനയിൽ റെയിൽവേ പാർസൽ ഓഫീസിന് സമീപം ഡ്രൈനേജിന് മുകളിലുണ്ടായിരുന്ന കോൺക്രീറ്റ് സ്ലാബ് തകർന്നു ഡ്രൈനേജിനുള്ളിലേക്ക് വീണതും, അതിനോടൊപ്പം പ്ലാസ്റ്റിക് കുപ്പികൾ ഉൾപ്പെടെയുള്ള മാലിന്യങ്ങൾ അടിഞ്ഞുകൂടി വെള്ളത്തിന്റെ ഒഴുക്ക് പൂർണമായും തടസപ്പെട്ടതുമാണ് വെള്ളക്കെട്ടിന് പ്രധാന കാരണമായിരുന്നതെന്ന് കണ്ടെത്തി.

തുടർന്ന് ശുചീകരണ തൊഴിലാളികൾ തകർന്ന സ്ലാബും അടിഞ്ഞുകൂടിയ മാലിന്യങ്ങളും നീക്കം ചെയ്തതോടെ ഡ്രൈനേജിലെ വെള്ളത്തിന്റെ ഒഴുക്ക് പുനഃസ്ഥാപിക്കപ്പെടുകയും വർഷങ്ങളായി പ്രദേശവാസികളെയും വ്യാപാരികളെയും ബുദ്ധിമുട്ടിച്ചിരുന്ന വെള്ളക്കെട്ട് പ്രശ്നത്തിന് ശാശ്വത പരിഹാരത്തിലേക്കുള്ള വഴി തെളിയുകയും ചെയ്തു. ശുചീകരണ പ്രവർത്തനങ്ങൾക്ക് സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർമാരായ കെ. റിഷാദ്, ബിജു ജയറാം, പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർമാരായ ദിജിൽ, പി. പി.സുജിത്ത് എന്നിവർ നേതൃത്വം നൽകി.

## മാളവിക ജി. നായർ അസിസ്റ്റന്റ് കലക്ടറായി ചുമതലയേറ്റു

**കോഴിക്കോട്:** ജില്ല അസിസ്റ്റന്റ് കലക്ടറായി മാളവിക ജി.നായർ ചുമതലയേറ്റു. പത്തനംതിട്ട തിരുവല്ല സ്വദേശിനിയായ ഇവർ 2025 ബാച്ച് ഐ.എ.എസുകാരിയാണ്. ബിർള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആൻഡ് സയൻസിൽനിന്ന് ബാച്ച്‌ലർ ഓഫ് എൻജിനീയറിങ് പൂർത്തിയാക്കിയ മാളവിക ജി. നായർ ഇൻകം ടാക്സ് ഡെപ്യൂട്ടി കമീഷണറായി സേവനമനുഷ്ടിച്ചിട്ടുണ്ട്.



● മാളവിക ജി. നായർ.

## അധ്യാപക നിയമനം

**കോഴിക്കോട്:** എളേറ്റിൽ എം.ജെ ഹയർ സെക്കൻഡറി സ്കൂളിൽ എച്ച്.എസ്.എസ്.ടി. സൂവോളജി (ജൂനിയർ), എച്ച്.എസ്.എസ്.ടി. ബോട്ടണി(സീനിയർ) എന്നീ തസ്തികകളിൽ ഗസ്റ്റ് അധ്യാപകരെ നിയമിക്കുന്നു. താൽപര്യമുള്ള അസൽ സർട്ടിഫിക്കറ്റുകളുമായി 20.06.2026 ന് 10 മണിക്ക് അഭിമുഖത്തിനായി സ്കൂൾ ഓഫീസിൽ ഹാജരാകണം. ഫോൺ : 04952965051

## മെഡിക്കൽ കോളജ്: ചികിത്സ പിഴവിലും കൈക്കൂലി ആരോപണത്തിലും ഉന്നതതല അന്വേഷണം വേണം- ബി.ജെ.പി.

**കോഴിക്കോട്:** ചികിത്സപിഴവിൽ രോഗി മരണപ്പെട്ടെന്ന ആരോപണത്തിലും സർജറിക്ക് കൈക്കൂലി കൊടുക്കേണ്ടി വന്ന ആരോപണത്തിലും ഉന്നതതല അന്വേഷണം വേണമെന്നും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും ബി.ജെ.പി സിറ്റി ജില്ല പ്രസിഡന്റ് അഡ്വ. കെ.പി. പ്രകാശ്ബാബു ആവശ്യപ്പെട്ടു.കഴിഞ്ഞ നാലഞ്ചു വർഷത്തിനിടയിൽ ഡസൻ കണക്കിന് ചികിത്സ പിഴവുമായി ബന്ധപ്പെട്ട ആരോപണങ്ങൾ ഉയർന്നിട്ടും ഉന്നത തല ഗൂഢാലോചനയുടെ ഭാഗമായി എല്ലാ അന്വേഷണങ്ങളും ആട്ടിമറിക്കപ്പെടുകയാണുണ്ടായതെന്നും അദ്ദേഹം പറഞ്ഞു. പാവപ്പെട്ടവന്റെ ആശ്രയകേന്ദ്രമായ പ്രാഥമിക ആരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജുവരെ മരുന്നുവിതരണം മുതൽ ചികിത്സ വരെ ലഭ്യമാകാത്ത വിധത്തിൽ തകർന്നിരിക്കുകയാണെന്നും ഇക്കാര്യത്തിൽ പുതിയ ആരോഗ്യമന്ത്രി വാചകമടി നിർത്തി പ്രവർത്തിച്ചു കാണിക്കണമെന്നും സർജറിക്കും ചികിത്സക്കും കൈക്കൂലി വാങ്ങുന്ന ഡോക്ടർ മാരെ തെരുവിൽ കൈകാര്യം ചെയ്യേണ്ടി വരുമെന്നും അദ്ദേഹം പറഞ്ഞു. ചികിത്സ പിഴവിനെ തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളജിൽ റീജിത്ത് എന്ന രോഗി മരിക്കാനിടയായ സംഭവത്തിൽ തൃപ്തികരമായ മറുപടി ലഭിക്കാതെ പോസ്റ്റ്മോർട്ടം ഉൾപ്പെടെയുള്ള നടപടികൾക്ക് അനുവദിക്കില്ലെന്ന തീരുമാനത്തെ തുടർന്ന് മെഡിക്കൽ കോളജ് പ്രിൻസിപ്പലുമായി നടത്തിയ ചർച്ചയിൽ മരണവുമായി ബന്ധപ്പെട്ട ആരോപണങ്ങൾ അന്വേഷിക്കുന്നതിന് മെഡിസിൻ, സർജറി, അഡ്മിനിസ്ട്രേറ്റീവ് എന്നീ വിഭാഗത്തിൽ നിന്നും തലവന്മാരെ ഉൾപ്പെടുത്തി മൂന്നംഗ സമിതിയെ നിയോഗിക്കാനും ഫോറൻസിക് വിഭാഗം തലവന്റെ നേതൃത്വത്തിൽ പോസ്റ്റ് മോർട്ടം നടത്താനും തീരുമാനമായി.

ഇടത് വൃക്കയിലെ കല്ല് നീക്കം ചെയ്യാനുള്ള ശസ്ത്രക്രിയ രോഗിയുടെ വലത് വൃക്കയിൽ ചെയ്തുവെന്നാണ് കുടുംബത്തിന്റെ ആരോപണം. 2025 ഓഗസ്റ്റ് ആറിനാണ് റീജിത്തിന്റെ ആദ്യ ശസ്ത്രക്രിയ നടന്നത്. ഏപ്രിൽ ഒന്നിന് സമ്മതമില്ലാതെ വീണ്ടും സർജറി നടത്തിയതായും കുടുംബം ആരോപിച്ചു.

റീജിത്തിന്റെ ബന്ധുക്കൾ, കെ. കെ. മനോഹരൻ, എം. വിജിത്ത്, ബബലു, സുജീഷ് പുതുക്കുടി, അനിൽ അങ്കോത്ത്,രാജൻ,യദു, ബിപിൻ എന്നിവരും ഒപ്പമുണ്ടായിരുന്നു.

## അമ്മത്തൊട്ടിലിൽ പത്താമത്തെ അതിഥിയായി ഹരിതാംശ് എത്തി

**കോഴിക്കോട്:** കോഴിക്കോട് ബീച്ച് ആശുപത്രിക്ക് സമീപത്തെ അമ്മത്തൊട്ടിലിലേക്ക് ഒരു അതിഥി കൂടിയെത്തി. കഴിഞ്ഞ ഓഗസ്റ്റിൽ നവീകരിച്ച അമ്മത്തൊട്ടിൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തതിന് ശേഷം ഇവിടെയെത്തുന്ന പത്താമത്തെ അതിഥിയാണ് ഈ ആൺകുഞ്ഞ്. ബുധനാഴ്ച ഉച്ചതിരിഞ്ഞ് 2.50ഓടെയാണ് ഒരു ദിവസം മാത്രം പ്രായമുള്ള ഈ കുരുന്ന് അമ്മത്തൊട്ടിലിന്റെ തണലിലെത്തിയത്.

2.630 കിലോഗ്രാം തൂക്കമുള്ള കുഞ്ഞ്, ഈ വർഷം അമ്മത്തൊട്ടിലിൽ എത്തുന്ന ഒൻപതാമത്തെ കുട്ടിയും ഏഴാമത്തെ ആൺകുട്ടിയുമാണ്. കഴിഞ്ഞ മെയ് 14ന് സമീര എന്ന പെൺകുഞ്ഞിനെയും ഇവിടെ ലഭിച്ചിരുന്നു. ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പുതുതായി എത്തിയ ആൺകുഞ്ഞിന് ഹരിതാംശ് എന്നാണ് സമിതി പേരിട്ടിരിക്കുന്നതെന്ന് അധികൃതർ അറിയിച്ചു.

അമ്മത്തൊട്ടിലിൽ കുഞ്ഞ് എത്തിയതോടെ തൊട്ടിലിനോട് ചേർന്നുള്ള ബീച്ച് ആശുപത്രി നഴ്സിങ് സ്റ്റേഷനിൽ അലാറം മുഴങ്ങി. ഉടൻ തന്നെ നഴ്സിങ് ഉദ്യോഗസ്ഥർ സ്ഥലത്തെത്തി കുഞ്ഞിനെ ഏറ്റെടുത്ത് ഇന്റർ കെയർ യൂനിറ്റിലേക്ക് മാറ്റി. ഡോക്ടർമാരുടെ പ്രാഥമിക പരിശോധനയ്ക്ക് ശേഷം ചില ആരോഗ്യപ്രശ്നങ്ങൾ കണ്ടെത്തിയതിനെ തുടർന്ന് കുഞ്ഞിനെ ഇപ്പോൾ കോഴിക്കോട് മെഡിക്കൽ കോളജിലെ തീവ്രപരിചരണ വിഭാഗത്തിൽ വിദഗ്ധ ചികിത്സയ്ക്കായി പ്രവേശിപ്പിച്ചിരിക്കുകയാണ്.

അനാഥത്വത്തിന്റെ ഇരുട്ടിലേക്ക് വീണുപോകുമായിരുന്ന കുരുന്നുകളെ സർക്കാർ തലത്തിൽ സംരക്ഷിച്ച്, പരിചരിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന ശിശുക്ഷേമ സമിതി അമ്മത്തൊട്ടിൽ സ്ഥാപിച്ചിട്ടുള്ളത്.

നിയമപരമായ നടപടിക്രമങ്ങൾ ആരംഭിക്കേണ്ടതിനാൽ ഈ കുഞ്ഞിന്മേൽ അവകാശവാദമുള്ള ആരെങ്കിലുമുണ്ടെങ്കിൽ അവർ അടിയന്തരമായി സംസ്ഥാന ശിശുക്ഷേമ സമിതിയുമായി ബന്ധപ്പെടേണ്ടതാണെന്ന് ജനറൽ സെക്രട്ടറി അഡ്വ. ജി.എൽ അരുൺ ഗോപി അറിയിച്ചു.

## കുരുന്നുഭാവനയിൽ വിരിഞ്ഞ് പ്രകൃതി വൈവിധ്യങ്ങൾ



● സംസ്ഥാന പരിസ്ഥിതി, കാലാവസ്ഥ വ്യതിയാന വകുപ്പും കാളാണ്ടിത്താഴം ദർശനം സാംസ്കാരികവേദിയും സംയുക്തമായി സംഘടിപ്പിച്ച ജില്ലാതല പാരിസ്ഥിതികം പ്രകൃതി ചിത്രരചനാ മത്സരത്തിലെ വിദ്യാർഥികളുടെ ചിത്രപ്രദർശനം കോഴിക്കോട് ആർട്ട് ഗ്യാലറിയിൽ ഉദ്ഘാടനം ചെയ്ത ശേഷം നോക്കിക്കാണുന്ന ചിത്രകാരൻ ഇ. സുധാകരനും മറ്റും.

**കോഴിക്കോട്:** പ്രകൃതിയിലെ വിവിധ വൈവിധ്യങ്ങൾ കുരുന്നു ഭാവനയിൽ വിരിഞ്ഞതിന്റെ നേർക്കാഴ്ചയായി പാരിസ്ഥിതിക ചിത്ര പ്രദർശനം മാറി.

പാരിസ്ഥിതികം പരിപാടിയുടെ ഭാഗമായി സ്കൂൾ കുട്ടികൾ വരച്ച പ്രകൃതി ചിത്രങ്ങളുടേതാണ് പ്രദർശനം. എൽ.പി, യു.പി, ഹൈസ്കൂൾ വിദ്യാർഥികളുടെ ചിത്രങ്ങളുടെ പ്രദർശനത്തിനാണ് ഇന്നലെ കോഴിക്കോട് ആർട്ട് ഗ്യാലറിയിൽ തുടക്കമായത്. പ്രദർശനം അഞ്ച് ദിവസം നീണ്ടു നിൽക്കും.

സുന്ദരമായ പ്രകൃതി ദൃശ്യങ്ങളും ഭൂമിയുടെ ജൈവ വൈവിധ്യത്തിന്റെ അനുപമമായ ഭംഗിയും വിളിച്ചോതുന്ന ചിത്രങ്ങളോടൊപ്പം മനുഷ്യൻ പ്രകൃതിയിൽ നടത്തുന്ന കൈയ്യേറ്റങ്ങളും കടന്നു കയറ്റത്തെക്കുറിച്ചുമെല്ലാമുള്ള വരും തലമുറയുടെ ആധിയും ജലഛായത്തിലും പെൻസിൽ ഡ്രോയിംഗിലുമായി വിദ്യാർഥികൾ വരച്ചുകാട്ടിയപ്പോൾ അത് വേറിട്ട കാഴ്ചകളിലൊന്നായി മാറി. സംസ്ഥാന പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പും കാളാണ്ടിത്താഴം ദർശനം സാംസ്കാരികവേദിയും സംയുക്തമായി സംഘടിപ്പിച്ച ജില്ലാതല പാരിസ്ഥിതികം പ്രകൃതി ചിത്രരചനാ മത്സരത്തിലെ സമ്മാനാർഹമായതും തെരഞ്ഞെടുത്തതുമായ 62 ചിത്രങ്ങളാണ് പ്രദർശനത്തിൽ ഉള്ളത്.

രണ്ടു മാസം മുൻപ് നടത്തിയ മത്സരത്തിൽ ജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്ന് 190 ഓളം വിദ്യാർത്ഥികളാണ് പങ്കെടുത്തത്. ഇതിൽ നിന്നും തെരഞ്ഞെടുത്തതാണ് 62 ചിത്രങ്ങൾ.

പ്രദർശനത്തിന്റെ ഉദ്ഘാടനം പ്രശസ്ത ചിത്രകാരനും ഉറൂബിന്റെ മകനുമായ ഇ. സുധാകരൻ നിർവഹിച്ചു. ജില്ലാ ലൈബ്രറി കൗൺസിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയംഗം അഡ്വ. പി.എൻ ഉദയഭാനു ആധ്യക്ഷ്യത വഹിച്ചു. ജൈവ കർഷക കൂട്ടായ്മ ചെയർമാൻ സി.പി അബ്ദുറഹിമാൻ, ജിഷി സുനിൽകുമാർ എന്നിവർ ആശംസയർപ്പിച്ചു സംസാരിച്ചു.

പാരിസ്ഥിതികം പ്രോഗ്രാം കോഓർഡിനേറ്റർ എം.എ ജോൺസൺ സ്വാഗതവും കൊല്ലറയ്ക്കൽ സതീശൻ നന്ദിയും പറഞ്ഞു. ഏഴിന് ഞായറാഴ്ച വൈകീട്ട് 3.30ന് ആർട്ട് ഗ്യാലറിയിൽ നടക്കുന്ന സമാപന സമ്മേളനത്തിൽ മത്സരത്തിൽ വിജയികളായ കുട്ടികൾക്കുള്ള സമ്മാനദാനം അഡ്വ. കെ. ജയന്ത് എം.എൽ.എ നിർവഹിക്കും.

## മെഡിക്കൽ കോളജിൽ രോഗിയുടെ മരണം: കുറ്റക്കാർക്കെതിരെ നടപടി സ്വീകരണം- സി.പി.ഐ

**കോഴിക്കോട്:** കോഴിക്കോട് മെഡിക്കൽ കോളജിൽ ചികിത്സാ പിഴവിനെത്തുടർന്ന് രോഗി മരിച്ച സംഭവത്തിൽ കാരണക്കാരനായ യൂറോളജി വിഭാഗം മേധാവി ഉൾപ്പെടെയുള്ളവർക്കെതിരെ അന്വേഷണം നടത്തി നടപടി സ്വീകരിക്കണമെന്ന് സി.പി.ഐ ജില്ലാ എക്സിക്യൂട്ടീവ് ആവശ്യപ്പെട്ടു.

ആശുപത്രിയിലെ ചികിത്സാ പിഴവ് മൂലമുള്ള വാണിമേൽ സ്വദേശി പരപ്പുപാറ നെല്ലിയുള്ള പറമ്പത്ത് റീജിത്തിന്റെ മരണത്തിൽ ജില്ലാ എക്സിക്യൂട്ടീവ് അനുശോചനം രേഖപ്പെടുത്തി. ചികിത്സാ പിഴവിൽ മെഡിക്കൽ കോളജ് സൂപ്രണ്ടിനും പൊലീസിനും പരാതി നൽകിയെങ്കിലും വേണ്ട നടപടികൾ കൈക്കൊണ്ടില്ലെന്ന ബന്ധുക്കളുടെ ആരോപണം ഞെട്ടിപ്പിക്കുന്നതാണ്. സംഭവത്തിൽ ശക്തമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി എടുക്കണമെന്ന് സി.പി.ഐ ജില്ലാ സെക്രട്ടറി അഡ്വ. പി.ഗവാസ് ആവശ്യപ്പെട്ടു.

## നാളെ വൈദ്യുതി മുടങ്ങും

**കോഴിക്കോട്:** കട്ടാങ്ങൽ സെക്ഷനിൽ വേങ്ങേരി മഠം, നെച്ചൂളി, കല്ലിടുമ്പിൽ, ഗവൺമെന്റ് ആർട്സ് കോളജ്, തെക്കുമ്പലം, കൂഴക്കോട്, കോഴിമണ്ണ, ഡീലക്സ് ക്ലേ, വെള്ളന്നൂർ മേച്ച് ബോക്സ്, കാവേരി ബ്രിക്സ്, എം.വി.ആർ ഹോസ്പിറ്റൽ എന്നീ ട്രാൻസ്ഫോർമർ പരിധിയിൽ രാവിലെ 9:00 മുതൽ 12:00 വരെയും.

മാവൂർ സെക്ഷനിൽ കുറ്റികടവ്, കുനിയൻ കടവ് എന്നീ ട്രാൻസ്ഫോർമർ പരിധിയിൽ രാവിലെ 9:00 മുതൽ 12:00 വരെയും ഓമശേരി സെക്ഷനിൽ അമ്പലക്കണ്ടി, പുതിയോട്ട് പരിസരങ്ങളിൽ രാവിലെ 8:30 മുതൽ വൈകിട്ട് 5:00 വരെയും പുതുപ്പാടി സെക്ഷനിൽ കാവുംപുറം, കിളയിൽ, കൊട്ടരക്കോത്ത് എന്നീ പരിസരങ്ങളിൽ രാവിലെ 8:00 മുതൽ വൈകിട്ട് 5:00 വരെയും ബാലുശേരി സെക്ഷനിൽ മഞ്ഞപ്പാലം, ഭജന മഠം എന്നീ പരിസരങ്ങളിൽ രാവിലെ 7:00 മുതൽ വൈകിട്ട് 3:00 വരെയും നാളെ വൈദ്യുതി മുടങ്ങും.

## സി.പി.എം പോസ്റ്റ് ഓഫീസ് ധർണ

**കുറ്റ്യാടി:** പെട്രോൾ ഡീസൽ വിലവർധനവിലും അതിരൂക്ഷമായ വിലക്കയറ്റത്തിലും പ്രതിഷേധിച്ച് സി.പി.എം കുന്നുമ്മൽ ഏരിയ കമ്മിറ്റി നേതൃത്വത്തിൽ കേന്ദ്രസർക്കാർ ഓഫീസിലേക്ക് മാർച്ച് സംഘടിപ്പിച്ചു. കുറ്റ്യാടി പോസ്റ്റ് ഓഫീസിലേക്ക് നടത്തിയ മാർച്ച് സി.പി.എം ജില്ലാ കമ്മിറ്റി അംഗം കെ.ടി കുഞ്ഞിക്കണ്ണൻ ഉദ്ഘാടനം ചെയ്തു.

ജില്ലാ കമ്മിറ്റി അംഗം കെ.കെ സുരേഷ് അധ്യക്ഷത വഹിച്ചു. ജില്ലാ കമ്മിറ്റി അംഗങ്ങളായ എ.എം റഷീദ്, എൻ.കെ രാമചന്ദ്രൻ, ഏരിയ കമ്മിറ്റി അംഗങ്ങളായ എം.കെ ശശി, കെ.ടി മനോജൻ, കുറ്റ്യാടി ലോക്കൽ സി.എൻ ബാലകൃഷ്ണൻ എന്നിവർ സംസാരിച്ചു. കുന്നുമ്മൽ ഏരിയ സെക്രട്ടറി പി.സി ഷൈജു സ്വാഗതം പറഞ്ഞു.

## ഉന്നത വിജയം നേടിയവരെ അനുമോദിച്ചു



● ഉന്നത വിജയം നേടിയ വിദ്യാർഥികളെ അനുമോദിക്കുന്ന ചടങ്ങ് ജില്ല പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർ പേഴ്സൺ റീമ കുന്നുമ്മൽ ഉദ്ഘാടനം ചെയ്യുന്നു.

**കൂരാച്ചുണ്ട്:** എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ മുഴുവൻ വിഷയങ്ങളിലും എ പ്ലസ് നേടിയവരെ കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് അനുമോദിച്ചു. സ്റ്റാർ ഫെസ്റ്റ് എന്ന പേരിലുള്ള പ്രോഗ്രാം ജില്ലാ പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ റീമ കുന്നുമ്മൽ ഉദ്ഘാടനം ചെയ്തു.

പഞ്ചായത്ത് പ്രസിഡന്റ് സിനി ജിനോ അധ്യക്ഷത വഹിച്ചു. സ്കൂൾ മാനേജർ ഫാ. വിൻസെന്റ് കണ്ടത്തിൽ അനുഗ്രഹ പ്രഭാഷണം നടത്തി. സ്പോർട്സ് കൗൺസിൽ ജില്ലാ വൈസ് പ്രസിഡന്റ്, കൂരാച്ചുണ്ട് സ്വദേശി ഡോ. റോയി ജോൺ വി. മുഖ്യാതിഥിയായിരുന്നു. കൂരാച്ചുണ്ട് പഞ്ചായത്തിലെ സ്കൂളുകളിൽ പഠിച്ചവരും പുറത്തെ സ്കൂളുകളിൽ പഠിച്ച കൂരാച്ചുണ്ട് പഞ്ചായത്തുകാരുമായ 80 വിദ്യാർഥികൾക്ക് സമ്മാനങ്ങൾ നൽകി. എസ്.എസ്.എൽ.സി പരീക്ഷയിൽ 100% വിജയം നേടിയ കല്ലാനോട് സെന്റ് മേരീസ്, കൂരാച്ചുണ്ട് സെന്റ് തോമസ് സ്കൂളുകൾക്കും പ്ലസ് ടു പരീക്ഷയിൽ ഉന്നത വിജയം നേടിയ കല്ലാനോട്, കൂരാച്ചുണ്ട് ഹയർ സെക്കണ്ടറി സ്കൂളുകൾക്കും ഉപഹാരം നൽകി. വൈസ് പ്രസിഡന്റ് ബിജു കടലാശേരി, സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷരായ ഡാർളി അബ്രാഹം പുല്ലംകുന്നേൽ, ബിന്ദുമോൾ തോമസ് കളപ്പുരക്കൽ, ചെറിയാൻ ജോസഫ് അറക്കൽ, ബ്ലോക്ക് മെമ്പർ അരുൺ ജോസ്, വാർഡ് മെമ്പർമാരായ എൻ.കെ കുഞ്ഞമ്മദ്, സണ്ണി ജോസഫ് കാനാട്ട്, റസീന യൂസഫ്, ആസൂത്രണ സമിതി ഉപാധ്യക്ഷൻ ഒ.കെ അമ്മദ്, കൂരാച്ചുണ്ട് സെന്റ് തോമസ് എച്ച്.എസ്.എസ് പ്രിൻസിപ്പാൾ ഷാജി കുര്യൻ, വിദ്യാർഥി പ്രതിനിധി ആദി ജോ ഷിബി എന്നിവർ സംസാരിച്ചു. വാർഡ് മെമ്പർമാരായ ജോസ് വെളിയത്ത്, ബിന്ദു കുര്യൻ ആനിക്കാട്ട്, ആൻസമ്മ എൻ.ജെ, പ്രബീഷ് തളിയോത്ത്, ജലീൽ കുന്നുംപുറത്ത്, അധ്യാപകരായ അഭിജിത്ത് ഫ്രാൻസിസ്, ലിബിൻ ജെയിംസ്, നിഷിതകുമാരി എ.എൻ എന്നിവർ നേതൃത്വം നൽകി.

## ഡോ. ഇ. പ്രകാശ് വിരമിച്ചു



● ഡോ. ഇ. പ്രകാശ്.

**ബാലുശേരി:** കാലിക്കറ്റ് ആദർശ സംസ്കൃത വിദ്യാപീഠം പ്രിൻസിപ്പൽ ഡോ. ഇ. പ്രകാശ് 39 വർഷത്തെ സേവനത്തിന് ശേഷം സർവീസിൽ നിന്ന് വിരമിച്ചു.

യാത്രയയപ്പ് സമ്മേളനത്തിൽ കേന്ദ്ര സർവകലാശാല വൈസ് ചാൻസലർ ശ്രീനിവാസ വർക്കേഡി, രജിസ്ട്രാർ ആർ.ജി മുരളീകൃഷ്ണ, പ്രഫ. വിജയകുമാർ സി.ജി, പ്രഫ. സുബ്രഹ്മണ്യ ശർമ്മ, ഡോ. ആർ. രാമചന്ദ്രൻ, പ്രഫ. കെ. ഉണ്ണികൃഷ്ണൻ എന്നിവരുൾപ്പെടെ നിരവധി പേർ സംസാരിച്ചു. വക്താക്കൾ ഡോ. ഇ. പ്രകാശിന്റെ വിദ്യാഭ്യാസ രംഗത്തെ സംഭാവനകളെ അനുസ്മരിച്ചു.

## ഗ്യാസ് സിലിണ്ടറുകൾ സറണ്ടർ ചെയ്യണം

**കോഴിക്കോട്:** ജില്ലയിൽ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷന്റെ പൈപ്പ്ലൈൻ വഴി ഗ്യാസ് കണക്ഷൻ ലഭിച്ചവർ (ഗാർഹികം/വാണിജ്യം) എൽ.പി.ജി സിലിണ്ടറുകൾ അതത് ഏജൻസിയിൽ ഉടൻ സറണ്ടർ ചെയ്യണമെന്ന് ജില്ലാ സപ്ലൈ ഓഫീസർ അറിയിച്ചു. സറണ്ടർ ചെയ്യുന്നവർക്ക് പിന്നീട് എൽ.പി.ജി കണക്ഷൻ നൽകുന്നതിൽ മുൻഗണന നൽകും.



● കനത്ത മഴയിൽ തകർന്ന കായണ്ണ പുതിയോട്ടിൽ താഴെ കനാൽ പാലം.

## കനത്ത മഴയിൽ കനാൽ പാലവും റോഡും തകർന്നു

**പേരാമ്പ്ര:** കനത്ത മഴയിൽ കായണ്ണ പുതിയോട്ടിൽ താഴെ കനാൽ പാലവും റോഡും തകർന്നു. കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായ ഇടത് കര മെയിൻ കനാലിന്റെ കായണ്ണ, നൊച്ചാട് പഞ്ചായത്തുകളുടെ അതിർത്തിയിലെ പാലവും റോഡുമാണ് തകർന്നത്.

വിദ്യാർഥികൾ ഉൾപ്പെടെ നൂറു കണക്കിന് പരിസര വാസികൾ ആശ്രയിക്കുന്ന പാലം രണ്ട് വർഷം മുൻപ് തന്നെ ഒരു ഭാഗം നിലം പതിച്ചിരുന്നതായി നാട്ടുകാർ പറഞ്ഞു. നാട്ടുകാർ തെങ്ങ് മുറിച്ച് പാലത്തിന്റെ ഫീൽഡ് ബോത്തിയിൽ സ്ഥാപിച്ചാണ് ഇരു ഭാഗത്തേക്കും യാത്ര ചെയ്തത്രെ. ഇന്നലെയുണ്ടായ കനത്ത മഴയിലെ ശക്തമായ മലവെള്ളത്തിൽ പാലം കനാലിൽ പതിക്കുകയായിരുന്നു. കായണ്ണ വലിയ ജുമാമസ്ജിദ്, മുത്തപ്പൻ ക്ഷേത്രം എന്നിവിടങ്ങളിലേക്ക് എളുപ്പത്തിൽ എത്തുന്നതിന് ഉപയോഗിച്ചത് ഈ പാലത്തിലൂടെയുള്ള വഴിയായിരുന്നു. അൻപത് വർഷത്തിലേറെ പഴക്കം ചെന്ന പാലത്തിന്റെ കോൺഗ്രീറ്റ് ദ്രവിച്ച് കമ്പി തുരുമ്പിച്ച് പുറത്തു വന്നിട്ട് വർഷങ്ങളായി .പാലവും റോഡും തകർന്നതിനെ തുടർന്ന് ഇരു ഭാഗത്തും താമസിക്കുന്ന കുടുംബങ്ങൾ പ്രയാസം നേരിടുന്നതായി പരാതി ഉയർന്നു. സംഭവ സ്ഥലം നൊച്ചാട് ഗ്രാമപഞ്ചായത്ത് എട്ടാം വാർഡ് മെമ്പർ ടി.പി നാസർ സന്ദർശിച്ചു. പാലം പുതുക്കി പണിയുന്നതിന് ബന്ധപ്പെട്ടവരെ അറിയിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

## ഭാരവാഹികളെ തെരഞ്ഞെടുത്തു

**കോഴിക്കോട്:** കരുവശേരി സംഗമം റസിഡൻഷ്യൽ വെൽഫെയർ അസോസിയേഷൻ പ്രസിഡന്റ് ആയി പി.ഷാജുവിനെയെയും സെക്രട്ടറിയായി എം.കെ. ശ്യാം പ്രസാദിനെയും തെരഞ്ഞെടുത്തു.

അസോസിയേഷന്റെ ആഭിമുഖ്യത്തിൽ മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. . കെ.പി.ധനീഷ്, കെ.ഭാസ്കരൻ, ലക്ഷ്മി പ്രിയ എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. തുടർ ദിവസങ്ങളിൽ വീടുവീടാന്തിരമുള്ള ശുചീകരണ പ്രവർത്തനങ്ങളും കിണർ വെള്ളം ക്ലോറിനേറ്റ് ചെയ്ത് ശുദ്ധീകരണ പ്രവർത്തനങ്ങളും നടത്തും.

## ധർണ നടത്തി

**ബാലുശേരി:** പെട്രോൾ ഡീസൽ പാചക വാതക വില വർധനവ് പിൻവലിക്കുക, അതിരൂക്ഷ വിലക്കയറ്റവും പ്രതിസന്ധിയും പരിഹരിക്കാൻ കേന്ദ്രസംസ്ഥാന സർക്കാരുകൾ അടിയന്തര നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സി.പി.എം. ബാലുശേരി ഏരിയ കമ്മിറ്റിയുടെ നേതൃത്വത്തിൽ മാർച്ചും പ്രതിഷേധ ധർണയും നടത്തി.

ബസ് സ്റ്റാൻഡ് പരിസരത്ത് നടന്ന പ്രതിഷേധ പരിപാടി സി.പി.എം. ജില്ലാ സെക്രട്ടറിയേറ്റ് അംഗം ടി. വിശ്വനാഥൻ ഉദ്ഘാടനം ചെയ്തു. ഇസ്മയിൽ കുറുമ്പൊയിൽ അധ്യക്ഷനായി. പി.പി പ്രേമ, പി.പി രവീന്ദ്രനാഥ് എന്നിവർ സംസാരിച്ചു. ഏരിയാ സെക്രട്ടറി ടി.കെ സുമേഷ് സ്വാഗതം പറഞ്ഞു.

## അധ്യാപക ഒഴിവ്

**മുക്കം:** വേനപ്പാറ ഹോളി ഫാമിലി ഹയർ സെക്കൻഡറി സ്കൂളിൽ എച്ച്.എസ്.എസ്.ടി ഇംഗ്ലീഷ്, എച്ച്.എസ്.എസ്.ടി ജൂനിയർ മാത്തമാറ്റിക്സ് വിഷയങ്ങളിൽ ദിവസ വേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നു.

10–06–2026 വരെ അപേക്ഷിക്കാം. ഇന്റർവ്യൂ 19–06–2026 വെള്ളിയാഴ്ച രാവിലെ 10.30 ന് നടക്കും.



● മുക്കം അഗ്നി സേനയിൽ നിന്ന് വിരമിക്കുന്നവർക്കുള്ള യാത്രയയപ്പ് സമ്മേളനം ടി. രജീഷ് ഉദ്ഘാടനം ചെയ്യുന്നു.

## യാത്രയയപ്പ് നൽകി

**മുക്കം:** മുക്കം അഗ്നിരക്ഷാനിലയത്തിൽ നിന്നും വിരമിക്കുന്ന ഗ്രേഡ് സ്റ്റേഷൻ ഓഫീസർമാരായ എൻ.ജി അശോകൻ, എൻ. ജയകിഷ്, ഹോംഗാർഡുമാരായ ടി.പി ശബരിഗിരീഷൻ, എം.പി രത്നരാജൻ എന്നിവർക്കുള്ള യാത്രയയപ്പ് മുക്കം ഫയർ സ്റ്റേഷൻ പരിസരത്ത് വച്ച് നൽകി.

യാത്രയയപ്പ് സമ്മേളനം റീജിയണൽ ഫയർ ഓഫീസർ ടി. രജീഷ് ഉദ്ഘാടനം ചെയ്തു. മുക്കം സ്റ്റേഷൻ ഓഫീസർ എം. അബ്ദുൽ ഗഫൂർ അധ്യക്ഷത വഹിച്ചു. 28 വർഷത്തെ സേവനത്തിന് ശേഷമാണ് മുക്കം അഗസ്ത്യൻമുഴി സ്വദേശിയായ നടുത്തൊടികയിൽ ജയകിഷ് വിരമിക്കുന്നത്. മികച്ച സേവനത്തിന് 2013ൽ മുഖ്യമന്ത്രിയുടെ ഫയർ സർവീസ് മെഡൽ ലഭിച്ചിട്ടുണ്ട്. ചടങ്ങിന് സി. മനോജ് സ്വാഗതം പറഞ്ഞു.

മുക്കം നഗരസഭ കൗൺസിലർ റൈനീഷ് നീലാംബരി, മാധ്യമപ്രവർത്തകൻ എ.പി മുരളീധരൻ, റോട്ടറി ക്ലബ്ബ് ഡിസ്ട്രിക്റ്റ് ചെയർമാൻ അനിൽകുമാർ ഗാർഡൻ, തിരുവമ്പാടി ഗ്രാമപഞ്ചായത്ത് അംഗം പ്രസാദ്, അഗ്നിരക്ഷാ സേനാംഗങ്ങളായ എൻ. രാജേഷ്, സുരേഷ് മേലേടത്ത്, സനീഷ് പി. ചെറിയാൻ, സി. രാധാകൃഷ്ണൻ സിവിൽ ഡിഫൻസ് ഡെപ്യൂട്ടി വാർഡൻ അവിനാഷ് ചൂലൂർ എന്നിവർ സംസാരിച്ചു.

बैंक ऑफ़ बड़ौदा Bank of Baroda
പാലാഴി ശാഖ, കോലത്തായി കോംപ്ലക്സ്, പാലാഴി, പാല.പി.ഒ. ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട്, കേരളം-673014, Ph: +91-0495-2434121,e-mail: vjpazh@bankofbaroda.com

**ജംഗമ വസ്തുക്കളെ സംബന്ധിച്ച ലേല വിൽപന നോട്ടീസ്**

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ റൂൾ 6 (2) പ്രകാരമുള്ള ജംഗമ വസ്തുക്കളുടെ ഇ-ലേല വിൽപന നോട്ടീസ്

വായ്പക്കാർ/ജാമ്യക്കാരിൽ നിന്ന് ബാങ്ക് ഓഫ് ബറോഡയ്ക്ക് ലഭിക്കാനുള്ള കുടിശ്ശിക തുകയും പലിശയും മറ്റ് ചെലവുകളും ഈടാക്കുന്നതിന് വേണ്ടി ബാങ്ക് ഓഫ് ബറോഡയുടെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ കൈവശമെടുത്തിട്ടുള്ള ജംഗമ വസ്തുക്കൾ "As is where is", "As is what is" & "Whatever there is" എന്നതിന്റെ അടിസ്ഥാനത്തിൽ വിൽപന നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം വായ്പക്കാരെ/ജാമ്യക്കാരെ/ജനങ്ങളെ പൊതുവായും ഇതിനാൽ അറിയിച്ചുകൊള്ളുന്നു. വായ്പക്കാർ/ജാമ്യക്കാർ/ഈട് വസ്തു/കുടിശ്ശിക തുക/കരുതൽ വില/ഇ-ലേല തീയതിയും സമയവും/നിരതദ്രവ്യം/ലേല വർദ്ധന തുക എന്നിവയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും: ശ്രീ. ജുബിൻ പ്രകാശ്.കെ, S/o. ജയപ്രകാശ്.കെ, ശ്രീമതി ബീന കെ. W/o ജയപ്രകാശ്.കെ, ഇരുവരും താമസം രേവതി, കളരിക്കൽ, വിരിപ്പാടത്ത്, വളയനാട്, കൊമ്മേരി, കോഴിക്കോട്-673007

കുടിശ്ശിക തുക: 03-06-2026 ലെ രൂപ 3,00,753.82 (മൂന്ന് ലക്ഷത്തി എഴുന്നൂറ്റി അൻപത്തിമൂന്ന് രൂപ എൺപത്തിരണ്ട് പൈസ മാത്രം) യും പലിശയും മറ്റ് ചെലവുകളും.

വാഹനത്തിന്റെ വിശദവിവരണം: നിർമ്മിതി : Maruti Suzuki India Ltd; മോഡൽ: Maruti Wagon R LXI BS IV; രജിസ്ട്രേഷൻ നം. KL-11-BM-81; രജിസ്ട്രേഷൻ തീയതി: 30-08-2018; ചേസിസ് നം. MA3EWDEIS00D52990AJ; അറിയപ്പെടുന്ന ബാധ്യതകൾ, എന്തെങ്കിലും ഉണ്ടെങ്കിൽ: ബാങ്ക് ഓഫ് ബറോഡ, പാലാഴി ശാഖയിൽ പണയപ്പെടുത്തിയിരിക്കുന്നു.

കരുതൽ വില: രൂപ 2,90,000/- (രണ്ട് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം)

നിരതദ്രവ്യം: രൂപ 29,000/- (ഇരുപത്തിഒൻപതിനായിരം രൂപ മാത്രം)

ലേല വർദ്ധന തുക: 10,000/- (പതിനായിരം രൂപ മാത്രം); കൈവശമെടുത്ത രീതി: യഥാർത്ഥം

ഇ-ലേല തീയതിയും സമയവും:
22-06-2026 ഉച്ചയ്ക്ക് 2.00 നും വൈകുന്നേരം 6.00 നും മദ്ധ്യേ

വസ്തു പരിശോധന തീയതിയും സമയവും:
20-06-2026 രാവിലെ 10.00 മണി മുതൽ വൈകുന്നേരം 5.00 മണി വരെ

ലേല വ്യവസ്ഥകളെയും ഉപാധികളെയും പറ്റി കൂടുതൽ അറിയുന്നതിനായി ബാങ്കിന്റെ വെബ്സൈറ്റായ https://www.bankofbaroda.in/e-auction.htm & ഓൺലൈൻ ലേല പോർട്ടലായ https://baanknet.com എന്ന വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള ലിങ്ക് സന്ദർശിക്കുക. താൽപ്പര്യമുള്ള ലേലാർത്ഥികൾ 8714606420 നമ്പറിൽ ബന്ധപ്പെടുക.

സ്ഥലം : കോഴിക്കോട്
തീയതി : 05-06-2026.

(ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ/ചീഫ് മാനേജർ, ബാങ്ക് ഓഫ് ബറോഡ.